തിരുവനന്തപുരത്ത് സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഹയർസെക്കൻഡറി വിഭാഗം ആൺകുട്ടികളുടെ ഓട്ടൻതുള്ളലിൽ എ ഗ്രേഡ് നേടിയ പാലക്കാട് ഒറ്റപ്പാലം വാണിയംകുളം ടിആർകെ എച്ച്എസ്എസിലെ എം. എം. യദുകൃഷ്ണൻ.

പിന്നണിയിൽ അച്ഛൻ; യദുവിന് നാലാം ജയം

തിരുവനന്തപുരം ● പിതാവിന്റെ ശിക്ഷണത്തിൽ യദുവിനു വീണ്ടും ഒന്നാം സ്ഥാനം. ഹയർ സെക്കൻഡറി വിഭാഗം ഓട്ടൻതുള്ളൽ മൽസരത്തിൽ ഒന്നാം സ്ഥാനം നേടിയ പാലക്കാട് വാണിയംകുളം ടിആർകെ എച്ച്എസ്എസ് പ്ലസ് വൺ വിദ്യാർഥി എം.എം. യദുകൃഷ്ണന്റെ ഗുരു, പിതാവ് കലാമണ്ഡലം മോഹനകൃഷ്ണനാണ്. ആറു വയസ്സ് മുതൽ തുള്ളൽ അഭ്യസിക്കുന്ന യദുവിനാണു കഴിഞ്ഞ നാലു വർഷമായി സംസ്ഥാന സ്കൂൾ കലോൽസവത്തിൽ തുള്ളലിൽ ഒന്നാം സ്ഥാനം. രുഗ്മിണീ സ്വയംവരത്തിലെ കഥ അവതരിപ്പിച്ച യദുവിനു പക്കമേളത്തിൽ പിന്നണി പാടാനെത്തിയതും പിതാവ് തന്നെ. നൃത്താധ്യാപികയായ കലാമണ്ഡലം ബിന്ദു മോഹനകൃഷ്ണനാണ് അമ്മ.

റിസാനയ്ക്കൊപ്പം കോഴിക്കോടിന്റെ കയ്യടി

തിരുവനന്തപുരം● റിസാന തിരുവനന്തപുരത്ത് മാപ്പിളപ്പാട്ട് പാടി എ ഗ്രേഡ് കരസ്ഥമാക്കുമ്പോൾ കൂടെ കയ്യടിക്കുന്നത് കോഴിക്കോട്ടെ രാഷ്ട്രീയ രംഗമായിരിക്കും. കഴിഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പിൽ നൂറോളം സ്ഥാനാർത്ഥികളെയാണ് റിസാന 'പാട്ടുംപാടി' ജയിപ്പിച്ചത്. തിരഞ്ഞെടുപ്പുപ്രചാരണരംഗത്ത് റിസാനയുടെ രാഷ്ട്രീയഗാനങ്ങൾ കേട്ടാണ് കോഴിക്കോടൻ രാഷ്ട്രീയം മുന്നോട്ടു കുതിച്ചത്. ഇടതു വലത് കക്ഷികൾക്കും ബിജെപി, ആർഎംപി എന്നിവർക്കുവേണ്ടിയും റിസാന ശബ്ദം നൽകി. ഏഴാം വയസു മുതൽ സംഗീതരംഗത്ത് താരമാണ്. ധാരാളം ആൽബങ്ങളിലും ഗാനമേളകളിലും പാടിയിട്ടുണ്ട്. ഓർക്കാട്ടേരി കസ്തൂരിക്കാട്ടിൽ സുബൈറിന്റെയും നൂറയുടെയും പുത്രിയാണ് റിസാന.വടകര സെന്റ് ആന്റണീസ് സ്കൂളിലെ വിദ്യാർഥിനി.

രണ്ടാമതാവില്ല, അനഘ

തിരുവനന്തപുരം ● ഹൈസ്കൂൾ കേരളനടനത്തിൽ ജില്ലാതലത്തിൽ രണ്ടാമതായിരുന്ന ഐ.എസ്. അനഘ അപ്പീൽവഴി സംസ്ഥാനത്തു രണ്ടാമതായി. തിരുവനന്തപുരം നാലാഞ്ചിറ സെന്റ് ഗൊരറ്റീസ് ഗേൾസ് എച്ച്എസ്എസിലെ ഈ പത്താം ക്ലാസ് വിദ്യാർഥിക്കു തുണയായത് ലോകായുക്തയിൽ നിന്നു ലഭിച്ച അപ്പീലാണ്. ഒന്നാം സ്ഥാനത്തെത്തുമെന്ന ആത്മവിശ്വാസമുള്ളതിനാൽ വിധിയിൽ ഹിയറിങ്ങിന് അപേക്ഷ നൽകി കാത്തിരിക്കുകയാണ് അനഘ. ഇന്ന് ഹിയറിങ് ഉണ്ടാകും. മാതാപിതാക്കളുടെ വിയോഗ ശേഷം അമ്മാവൻ നാലാഞ്ചിറ വേടൻവിള വീട്ടിൽ രാധാകൃഷ്ണന്റെയും ലേഖ എസ്.നായരുടെയും കൂടെയാണ് അനഘ വളരുന്നത്. ഓട്ടോത്തൊഴിലാളിയാണു രാധാകൃഷ്ണൻ..

സംസ്ഥാന സ്കൂൾ കലോൽസവത്തിൽ എച്ച്എസ് വിഭാഗം പെൺകുട്ടികളുടെ കേരളനടനത്തിൽ രണ്ടാം സ്ഥാനം നേടിയ ഐ.എസ്. അനഘ (സെന്റ് ഗൊരറ്റീസ് ജിഎച്ച്എസ്എസ്, നാലാഞ്ചിറ)

സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഹൈസ്കൂൾ വിഭാഗം ആൺകുട്ടികളുടെ കുച്ചിപ്പുടിയിൽ എ ഗ്രേഡ് നേടിയ പട്ടം സെന്റ് മേരീസ് എച്ച്എസ്എസിലെ എം. ഗൗതം. ചിത്രം:മനോരമ

സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഹൈസ്കൂൾ വിഭാഗം തമിഴ് പദ്യം ചൊല്ലൽ എ ഗ്രേഡ് നേടിയ തിരുവനന്തപുരം വർക്കല പാളയംകുന്ന് ജിഎച്ച്എസ്എസിലെ എസ് രേവതി.

സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഹൈസ്കൂൾ വിഭാഗം അറബി കഥാപ്രസംഗം എ ഗ്രേഡ് നേടിയ തിരുവനന്തപുരം കഴക്കൂട്ടം അൽഉദുമാൻ എച്ച്എസിലെ നാഫി ആനവാസ്.

സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഹൈസ്കൂൾ വിഭാഗം അറബിക് മോണോആക്ട് എ ഗ്രേഡ് നേടിയ തിരുവനന്തപുരം കഴക്കൂട്ടം അൽഉദുമാൻ എച്ച്എസിലെ ജെ.എസ്. സഫ്നാ.

സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഹൈസ്കൂൾ വിഭാഗം മലയാളം പ്രസംഗം രണ്ടാം സ്ഥാനം എ ഗ്രേഡ് നേടിയ തിരുവനന്തപുരം വഴുതക്കാട് കാർമൽ ഗേൾസ് ഹയർ സെക്കഡറി സ്കൂളിലെ എസ്. പി. തീർത്ഥ.

ഗാന്ധിപാർക്കിൽ സാംസ്കാരിക ഉൽസവം

തിരുവനന്തപുരം● സംസ്ഥാനസ്കൂൾകലോൽസവത്തോടനുബന്ധിച്ചു നടന്ന സാംസ്കാരികോൽസവം ഗാന്ധിപാർക്കിൽ സുഗതകുമാരി ഉദ്ഘാടനം ചെയ്തു. കലോൽസവസമ്മാനവിതരണം മന്ത്രി പി.കെ.അബ്ദുറബ്ബ് ഉദ്ഘാടനം ചെയ്തു. ജോർജ് ഓണക്കൂർ, അക്ബർ കക്കട്ടിൽ എന്നിവരെ ആദരിച്ചു. എ.കെ.അബ്ദുൽ ഹക്കീം, പി.ശേഷായൻ എന്നിവർ പ്രസംഗിച്ചു. ജയചന്ദ്രൻ കടമ്പനാടിന്റെ നാട്ടുസംഗീതപരിപാടിയും അരങ്ങേറി. ഇന്ന് വൈകിട്ട് അഞ്ചിന് സ്പെഷൽ സ്കൂൾ കലോൽസവവിജയികളുടെ കലാപരിപാടികളും ആറിന് മൽഹാർ സംഗീതപരിപാടിയും നടക്കും.

മനോരമ–നിംസ് അടിക്കുറിപ്പു വിജയികൾ

കലോൽസവ നഗരിയിലെ മനോരമ സ്റ്റാളിൽ തയാറാക്കിയ ഫോട്ടോയ്ക്ക് അടിക്കുറിപ്പ് എഴുതിയവരിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട വിജയികൾ: 1. എ. മുരളിമോഹൻ, ശ്രീമുരളി, കൽപ്പക ഗാർഡൻസ്, പാപ്പനംകോട്. 2. എസ്. കെ.സുഷമ കുമാരി, ഗവ.വിഎച്ച്എസ്എസ് പൂവാർ, 3. സരസിഭായി, ബി-307, വെസ്റ്റ് ഫോർട്ട്, സ്വാതി നഗർ, 4. എസ്.ആർ.അരുണ, 10 ബി, ഗവ.എച്ച്എസ്എസ് മണക്കാട്, 5. ഗൗരിനന്ദന, എംജിഎം എൻഎസ്എസ് എച്ച്എസ്എസ്, ളാക്കാട്ടൂർ, കോട്ടയം.

വിജയികൾ തിരിച്ചറിയൽ രേഖയുമായി രാവിലെ 10നും നാലിനും ഇടയിൽ പുത്തരിക്കണ്ടത്തെ പ്രധാനവേദിക്ക് സമീപം സ്ഥാപിച്ചിരിക്കുന്ന മനോരമ സ്റ്റാളിലെത്തി സമ്മാനം കൈപ്പറ്റണം.

മനോരമ– നിംസ് മൽസരങ്ങൾ പുത്തരിക്കണ്ടത്ത്

ISO 9001-2008 Certified Hospital
NIMS
A Unit of N.I. Educational Trust

തലസ്ഥാനത്ത് ഒരാഴ്ച നീണ്ടു നിൽക്കുന്ന കലാപൂരത്തോടൊപ്പം വൈവിധ്യമാർന്ന മൽസരങ്ങളുമായി മലയാള മനോരമയും നിംസ് മെഡിസിറ്റിയും. പുത്തരിക്കണ്ടത്തെ മുഖ്യവേദിയിൽ മൽസരങ്ങൾക്ക് തുടക്കമായി.

- അടിക്കുറിപ്പ് മൽസരം
- വിസിറ്റ് ആൻഡ് വിൻ മൽസരം
- മനോരമ ലൈവ് ക്വിസ് ഉച്ചയ്ക്ക് ഒരു മണിക്ക്

മനോഹരമായി കുറിക്കുകൊള്ളുന്ന അടിക്കുറിപ്പുകൾ എഴുതാൻ മിടുക്കരാണോ നിങ്ങൾ? എങ്കിൽ ഇതാ സമ്മാനങ്ങൾ നേടാൻ ഒരു സുവർണാവസരം. കലോൽസവ പ്രധാന വേദിയായ പുത്തരിക്കണ്ടം മൈതാനത്ത് ഒരുക്കിയിരിക്കുന്ന മനോരമ സ്റ്റാളിൽ പ്രദർശിപ്പിച്ചിട്ടുള്ള ഫോട്ടോയ്ക്കു രസകരമായ അടിക്കുറിപ്പെഴുതി ബോക്സിൽ നിക്ഷേപിക്കുക. മികച്ച അടിക്കുറിപ്പെഴുതുന്നവരിൽ നിന്നു നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നവർക്ക് ആകർഷകമായ സമ്മാനങ്ങൾ. ഇ.കെ. നായനാർ പാർക്കിൽ തയാറാക്കിയിരിക്കുന്ന കേരളത്തിലെ ഇന്നോളമുള്ള കലോൽസവ ചരിത്രവും കാഴ്ചകളും അടങ്ങുന്ന പ്രദർശനം കാണാനെത്തുന്നവർക്കു പ്രത്യേക 'വിസിറ്റ് ആൻഡ് വിൻ' സമ്മാനം.

ഉച്ചയ്ക്ക് ഒന്നിന് 'ലൈവ് ക്വിസ്' മൽസരങ്ങളും നടത്തുന്നുണ്ട്. അതത് ദിവസങ്ങളിൽ ഇറങ്ങുന്ന മനോരമ ദിനപത്രത്തിലുള്ള വാർത്തകളെ അടിസ്ഥാനമാക്കിയാണു ചോദ്യങ്ങൾ. ശരിയുത്തരം പറയുന്നവർക്കു സ്റ്റാളിൽ ഉടൻ തന്നെ സമ്മാനങ്ങൾ വിതരണം ചെയ്യും. മലയാള മനോരമ ഇംഗ്ലീഷ് ഇയർ ബുക്ക് 2016, ടീഷർട്ടുകൾ, പെൻഡ്രൈവ്, തൊപ്പികൾ, ബാക്ക്പാക്ക് ബാഗുകൾ തുടങ്ങിയവ. നെയ്യാറ്റിൻകര ആറാലുംമൂട്ടിൽ പ്രവർത്തിക്കുന്ന നിംസ് മെഡിസിറ്റിയാണു സമ്മാനങ്ങൾ സ്പോൺസർ ചെയ്തിരിക്കുന്നത്.

സ്വർണത്തെക്കാളും മാറ്റുള്ള മാറ്റ്!

ചാർലി

രാത്രി ആറരയ്ക്കു വിജെടി ഹാളിലെത്തിയപ്പോഴാണ് അതു കണ്ടത്. സ്റ്റേജ് കമ്മിറ്റിയിലെ മാഷ് ഗേറ്റിനടുത്തേക്ക് ഓടുന്നു... തിരികെ സ്റ്റേജിലേക്ക് ഓടുന്നു. വീണ്ടും ഗേറ്റിലേക്ക് ഓടുന്നു... സ്റ്റേജിലേക്ക് ഓടുന്നു. ഓടെടാ ഓട്ടം!!!

മാഷിന്റെ ഓട്ടംതുള്ളൽ കണ്ടു സഹിക്കാൻ വയ്യാതായപ്പോൾ ചോദിച്ചു 'എന്താ സാറേ കാര്യം?'

'ഒന്നുമില്ലനിയാ, മാറ്റ് വന്നില്ല'

മാഷ് വന്നില്ല എന്നു കേട്ടിട്ടുണ്ട്. മാറ്റ് വന്നില്ലെന്നു കേൾക്കുന്നതു ഫസ്റ്റ് ടൈം. മാറ്റ് എന്നുവച്ചാൽ കാൾ മാർക്സ് പറഞ്ഞ മാറ്റമില്ലാത്ത മാറ്റ് അല്ല്യ. സ്റ്റേജിൽ വിരിക്കുന്ന മാറ്റ്. അതു വിരിച്ചില്ലെങ്കിൽ കുച്ചിപ്പുഡി കളിക്കുന്ന കുട്ടിയുടെ കാലിൽ സ്റ്റേജിലെ ആണി കൊള്ളും. ഒടുവിൽ കുച്ചിപ്പുഡി കുങ്ഫൂ ആകും.

ജഡ്ജസ് എത്തി. മൽസരിക്കാനുള്ള കുട്ടികൾ വേദിയിലും മൽസരിപ്പിക്കാനുള്ള പേരന്റ്സ് സദസിലും റെഡിയായി. കർട്ടനുയർന്നു, മൈക്കും ഓകെയായി. പക്ഷേ മാറ്റ് മാത്രം വന്നില്ല. കാത്തിരുന്നു കാത്തിരുന്നു ഭരതനാട്യമാടാൻ ഒരുങ്ങിനിന്ന കുട്ടികളുടെ വളകളൂർന്നുപോയ്...

ഓരോ പെട്ടിയോട്ടോ പോകുമ്പോഴും മാഷ് ഓടിച്ചെന്നു നോക്കും. മാറ്റിന്റെ ആളാണോ എന്നു ചോദിക്കും. ഡ്രൈവറുടെ പുച്ഛത്തോടെയുള്ള നോട്ടം കണ്ടു നിരാശനായി മടങ്ങും. ഒടുവിൽ കാത്തിരുന്ന മാറ്റ് എത്തിയപ്പോൾ മണി എട്ടായി. പിന്നെ ആ മാറ്റിനു പുറത്തായിരുന്നു ഭരതനാട്യം. എല്ലാം ഉണ്ടെന്നു പറഞ്ഞിട്ടു കാര്യമില്ലെന്നു മനസ്സിലായോ. മാറ്റ് വേണം മാറ്റ്. സ്റ്റേജ് കമ്മിറ്റിക്കാരേ, ജസ്റ്റ് ഡിസംബർ ദാറ്റ്.

മുഖ്യ വേദിയായ പുത്തരിക്കണ്ടത്തു വലിയ പൊലീസ് കൺട്രോൾ റൂം ഒരുക്കുമെന്നായിരുന്നു ലോ ആൻഡ് ഓർഡർ കമ്മിറ്റിക്കാരുടെ പ്രഖ്യാപനം. അതു വെറും 'തള്ളൽ' ആണെന്ന് ഇന്നലെ പുടികിട്ടി. കൺട്രോൾ റൂമിലിരുന്നു കൺട്രോൾ ചെയ്യാൻ നെഞ്ചുവിരിച്ചെത്തിയ 40 പൊലീസുകാർ നോക്കിയപ്പോൾ ബോഞ്ചി വിൽക്കുന്ന സ്റ്റാളിന്റെ സൈഡിൽ നാലു കസേരയിട്ടിരിക്കുന്നു. അതാണത്രെ കൺട്രോൾ റൂം. അതു കണ്ടു കൺട്രോൾ പോയ ഒരു പൊലീസുകാരൻ നേരേ ഡിസിപിയെ വിളിച്ചു.

'സാറേ ഇവിടെ ഒരു പുണ്ണാക്കുമില്ല, ഓവർ' ഡിസിപി പറഞ്ഞു 'ഇതൊക്കെ എന്ത്? കലോൽസവം കൺട്രോൾ ചെയ്യാൻ, ഞാൻ എട്ടു കമ്പനി പൊലീസിനെ ചോദിച്ചിട്ടു കിട്ടിയതു വെറും രണ്ടു കമ്പനി. പിന്നല്ലേ തന്റെ കൺട്രോൾ റൂം, ഓവർ' ഒടുവിൽ കൺട്രോൾ ചെയ്യാൻ വന്ന പൊലീസുകാരെ ഇറക്കി ട്രാഫിക് ഡ്യൂട്ടിക്കിട്ടു. പകരം കിഴക്കേക്കോട്ടയിൽ ട്രാഫിക് നിയന്ത്രിക്കുന്ന പൊലീസുകാരനെ പിടിച്ചു കുച്ചിപ്പുഡി വേദിയിൽ നിർത്താമായിരുന്നുവെന്നാണു ചാർലിയുടെ ഒരു ഇത്. ഒന്നാം സ്ഥാനം കിട്ടും, വിത്ത് എ ഗ്രേഡ്. കയ്യിൽ വിരിയുന്ന മുദ്രകളും മുഖത്തു പ്രകടമാകുന്ന ദൈന്യഭാവവും കണ്ടോ. നാലു പാടും നിന്നു വണ്ടികൾ പാഞ്ഞുവരുകയാണ്. ഇതിനു പുറമെയാണു പുത്തരിക്കണ്ടത്തേക്കു കയറുന്നവരുടെയും ഇറങ്ങുന്നവരുടെയും ഇടി. കയ്യിൽ ദ്വിമുദ്രയും ത്രിമുദ്രയും വിരിഞ്ഞില്ലെങ്കിലേയുള്ളൂ. ഇതൊന്നും ചാനലുകാർ കാണുന്നില്ല്യാന്നുണ്ടോ?

കാഴ്ചക്കാരുടെ എണ്ണമേറിയതോടെ പുത്തരിക്കണ്ടത്തു പൊടിപാറി. അതിനിടയിലൂടെയാണു കാക്ക പറക്കുംപോലെ ഡ്രോണുകളുടെ മൽസരപ്പറക്കൽ. പരുന്ത് പറക്കുന്നതു നല്ല ലക്ഷണമെന്നൊരു വിശ്വാസമുണ്ട്. അതു പോലെയാണു കലോൽസവത്തിന്റെയും കാര്യം. ഉൽസവം പൊടിപൊടിക്കണമെങ്കിൽ ആകാശത്തു ഡ്രോൺ പറക്കണം. കഴിഞ്ഞ തവണ കോഴിക്കോട്ട് ഒരു ചാനൽ ആദ്യമായി ഡ്രോൺ ഇറക്കി. അതുകൊണ്ട് ഇത്തവണ എല്ലാ ചാനലുകളും ഡ്രോണിറക്കി.

ഇനി പോസിറ്റീവായി ചിലതു പറയാം. തിരുവന്തോരം പഴയ തിരുവന്തോരമല്ല. വേദികളിലെത്തിയവർക്ക് അതു മനസ്സിലായിട്ടുണ്ടാകും. ഏഴു വർഷം മുൻപ് ഇവിടെ സംസ്ഥാന ഉൽസവം നടന്നപ്പോൾ പല വേദികൾക്കും മുന്നിൽ ഒഴിഞ്ഞ കസേരയായിരുന്നു. കലോൽസവമെന്നാൽ എന്തോ കടിക്കുന്ന സാധനമാണെന്ന ചിന്ത ഇപ്പോൾ മാറിയിരിക്കുന്നു. രണ്ടെണ്ണമടിച്ചിട്ടു വന്നു നിന്ന് ശാസ്ത്രീയസംഗീതം കേട്ടു താളമിടുന്നവരും ഇപ്പോഴില്ല. സീരിയസ് വ്യൂവേഴ്സാണു പലരും.

● *വിട്ടുപോയത്:* ചാർലി വന്നെങ്കിലും പഴയ പ്രേമം തരംഗം മാറിയിട്ടില്ല. ഘോഷയാത്രയിലും കണ്ടു, കറുത്ത ഉടുപ്പിട്ട ഫ്രീക്കൻമാരെ. കുറ്റം പറയരുതല്ലോ, ഇറക്കം കൂടിയ കറുത്ത ഷർട്ട് ഇടുന്നതു കൊണ്ടൊരു ഗുണമുണ്ട്. ഇപ്പം അഴിഞ്ഞുവീഴും എന്ന മട്ടിൽ അരക്കെട്ടിൽ തങ്ങിനിൽക്കുന്ന ജീൻസുകൾ കാണണ്ട. ഇനി പ്രേമവും ചാർലിയും പിന്നിട്ടു ട്രെൻഡ് പാവാടയിൽ എത്തുമോ ആവോ!!!

ഈ സീസണിൽ ചാർലിയാണല്ലോ താരം. കലോൽസവത്തിൽ കാണുന്നതും കേൾക്കുന്നതും ചാർലി പറയുന്നു